**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

-------------------------------------------------------------------------

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ഏപ്രിൽ 06 ശനി**

------------------- ---------------------------------------------

# ആരോഗ്യവകുപ്പിന്റെ അശ്വമേധം പരിപാടി അവലോകനം ചെയ്തു

ആലപ്പുഴ: കേരളത്തിലെ ആലപ്പുഴ ഉൾപ്പെടെയുള്ള ആറു ജില്ലകളിൽ ഏപ്രിൽ 29 മുതൽ മെയ് 12 വരെ നടത്തുന്ന കുഷ്ഠരോഗ നിർണ്ണയ പ്രചരണ പരിപാടി അശ്വമേധത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് അവലോകന യോഗം കളക്ട്രേറ്റിൽ നടന്നു. ജില്ലയിലെ എല്ലാ വീടുകളും പരിശീലനം ലഭിച്ച പ്രവർത്തകർ സന്ദർശിച്ച് ഓരോ വ്യക്തിയെയും പരിശോധനയ്ക്ക് വിധേയമാക്കി രോഗം കണ്ടെത്തുന്നവരെ ചികിത്സയ്ക്ക് വിധേയമാക്കുകയും കുഷ്ഠരോഗം പൂർണ്ണമായും ഇല്ലാതാക്കുകയുമാണ് പരിപാടി കൊണ്ട് ഉദ്ദേശിക്കുന്നത്. കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ജില്ലാതല ഇന്റർ സെക്ടറൽ യോഗത്തിൽ എ.ഡി.എം. ഐ. അബ്ദുൾ സലാം അദ്ധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൽ.അനിതകുമാരി പദ്ധതി വിശദീകരിച്ചു. വിവിധ വകുപ്പുകൾ, കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ , ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള കൂട്ടായ്മകൾ എന്നിവയിലൂടെയും വിവിധ വകുപ്പുകളുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും സന്ദേശം എത്തിച്ച് പരിപാടി പൂർണ്ണ വിജയത്തിൽ എത്തിക്കാൻ യോഗം തീരുമാനിച്ചു. യോഗത്തിൽ നോഡൽ ഓഫീസർ ഡോ.അനു വർഗ്ഗീസ് , ഡെപ്യൂട്ടി ജില്ലാമെഡിക്കൽ ഓഫീസർ ഡോ.ജമുന വർഗ്ഗീസ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ.രാധാകൃഷ്ണൻ, മാസ് മീഡിയ ഓഫീസർ പി.എസ്.സുജ എന്നിവർ പങ്കെടുത്തു.

# ഏപ്രിൽ മാസത്തെ റേഷൻ സാധനങ്ങൾ

ആലപ്പുഴ: ഏപ്രിൽ മാസത്തിൽ അനുവദിച്ചിരിക്കുന്ന റേഷൻ സാധനങ്ങൾ ചുവടെ: എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് കാർഡിന് 30 കിലോഗ്രാം അരിയും അഞ്ചു കിലോഗ്രാം ഗോതമ്പും സൗജന്യമായും ഒരു കിലോഗ്രാം പഞ്ചസാര 21 രൂപ നിരക്കിലും ലഭിക്കും. മുൻഗണന വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ ഓരോ അംഗത്തിനും നാലു കിലോഗ്രാം അരിയും ഒരു കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ

ലഭിക്കും. പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽപ്പെട്ടവർക്ക് കിലോഗ്രാമിന് നാലു രൂപ നിരക്കിൽ ഓരോ അംഗത്തിനും രണ്ടു കിലോഗ്രാം അരിയും കാർഡൊന്നിന് കിലോയ്ക്ക് 17 രൂപ നിരക്കിൽ രണ്ടു കിലോഗ്രാം ആട്ടയും ലഭിക്കും. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് അഞ്ചു കിലോഗ്രാം ഭക്ഷ്യധാന്യം കിലോയ്ക്ക് 10.90 രൂപ നിരക്കിലും, കിലോയ്ക്ക് 17 രൂപ നിരക്കിൽ രണ്ടു കിലോഗ്രാം ആട്ടയും ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള കാർഡുകൾക്ക് അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 34 രൂപ നിരക്കിലും ലഭിക്കും. ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് സംശയവും പരാതികളും ഉണ്ടെങ്കിൽ താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. താലൂക്ക് സപ്ലൈ ഓഫീസ്, ചേർത്തല :0478-2823058 , താലൂക്ക് സപ്ലൈ ഓഫീസ്, അമ്പലപ്പുഴ :0477-2252547, താലൂക്ക് സപ്ലൈ ഓഫീസ്, കുട്ടനാട് :0477-2702352, താലൂക്ക് സപ്ലൈ ഓഫീസ്, കാർത്തികപ്പള്ളി :0479-2412751, താലൂക്ക് സപ്ലൈ ഓഫീസ്, മാവേലിക്കര :0479-2303231, താലൂക്ക് സപ്ലൈ ഓഫീസ്, ചെങ്ങന്നൂർ :0479-2452276, ജില്ലാ സപ്ലൈ ഓഫീസ്, ആലപ്പുഴ :0477-2251674.

# അന്ധകാരനഴി ഷട്ടറുകൾ തുറക്കൽ: ഉപദേശക സമിതി യോഗം ഒമ്പതിന്

ആലപ്പുഴ: അന്ധകാരനഴി ഷട്ടറുകൾ തുറക്കുന്നത് സംബന്ധിച്ച ഉപദേശക സമിതിയുടെ യോഗം ഏപ്രിൽ ഒമ്പതിന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ല കളക്ടറുടെ അധ്യക്ഷതയിൽ ചേരും.

# വാഹനലേലം

ആലപ്പുഴ: ആറ്റുമണൽ കടത്തിയതിനെ തുടർന്ന് മണ്ണഞ്ചേരി പൊലീസ് സ്റ്റേഷനിൽ കെ.എൽ 04-ഇസഡ് 8765 നമ്പർ വാഹനം ഏപ്രിൽ 12ന് രാവിലെ 11ന് മണ്ണഞ്ചേരി വില്ലേജ് ഓഫീസിൽ പരസ്യമായി ലേലം ചെയ്യും.

ആലപ്പുഴ: ആറ്റുമണൽ കടത്തിയതിനെ തുടർന്ന് മണ്ണഞ്ചേരി പൊലീസ് സ്റ്റേഷനിൽ കെ.എൽ 04-വൈ-8966 നമ്പർ വാഹന ഏപ്രിൽ 12ന് രാവിലെ 11.30ന് മണ്ണഞ്ചേരി വില്ലേജ് ഓഫീസിൽ പരസ്യമായി ലേലം ചെയ്യും.

# രണ്ടു ദിവസം കൂടി ഉയർന്ന താപനിലയെന്ന് മുന്നറിയിപ്പ്

ആലപ്പുഴ: കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച കാലാവസ്ഥാ വിശകലനത്തിൽ ഏപ്രിൽ 6.7,8 തിയതികളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഉയർന്ന താപനില ശരാശരിയിൽ നിന്നും രു മുതൽ മൂന്നു ഡിഗ്രി വരെ ഉയരുവാൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പൊതുജനങ്ങൾ രാവലെ 11 മുതൽ മൂന്നു വരെ എങ്കിലും നേരിട്ട് സൂര്യപ്രകാശം എൽക്കുന്നതിന് ഒഴിവാക്കണം. നിർജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കയ്യിൽ കരുതുക.

രോഗങ്ങൾ ഉള്ളവർ 11 മുതൽ മൂന്നു വരെ എങ്കിലും സൂര്യപ്രകാശം എൽക്കുന്നത് ഒഴിവാക്കുക. പരമാവധി ശുദ്ധജലം കുടിക്കുക. അയഞ്ഞ, ലൈറ്റ് കളർ പരുത്തി വസ്ത്രങ്ങൾ ധരിക്കുക. കുട്ടികളെ അവധി പ്രമാണിച്ച് വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ 11 മുതൽ മൂന്നു വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. അതീവ ജാഗ്രത മുന്നറിയിപ്പ് നിലനിൽക്കുന്ന ദിവസങ്ങളിൽ സ്കൂൾ, കോളജ് വിദ്യാർഥികളുടെ അവധിക്കാല ക്ലാസുകൾ ഒഴിവാക്കണം.

അങ്കണവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അങ്കണവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം. പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വേനൽക്കാലത്ത് താപനില ക്രമാതീതമായി ഉയരുന്നതിനാൽ തൊഴിലാളികൾക്ക് തൊഴിൽ സമയം പുനഃക്രമീകരിച്ച് ലേബർ കമ്മീഷണർ ഉത്തരവിട്ടിട്ടുണ്ട്. തൊഴിൽദാതാക്കൾ ഈ നിർദേശം പാലിക്കുക. ഇരു ചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ച സമയത്തു സുരക്ഷിതരാണെന്ന് അതത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം. ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദ്ദേശം നൽകുകയും അതുപോലെ ആവശ്യമെങ്കിൽ യാത്രക്കിടയിൽ അൽപസമയം വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യണം. മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും സമയത്തു കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പോലീസുകാർക്ക് കുടിവെള്ളം നൽകി നിർജലീകരണം തടയുവാൻ സഹായിക്കുക.തുടർന്നുള്ള ദിവസങ്ങളിലും ചൂട് ശരാശരിയിൽ നിന്നും ഉയർന്ന നിലയിൽ തുടരുവാനാണ് സാധ്യത.

# അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് വിതരണം

ആലപ്പുഴ: 2018 മെയ് വരെ നടന്ന അഖിലേന്ത്യാ അപ്രന്റീസഷിപ്പ് ടെസ്റ്റുകളിൽ വിജയിച്ചവർക്കുള്ള നാഷണൽ അപ്രന്റീസഷിപ്പ് സർട്ടിഫിക്കറ്റുകൾ ആർ.ഐ.സെന്ററിൽ വിതരണത്തിന് തയ്യാറായിട്ടുണ്ട്. വിജയികൾ ഹാൾ ടിക്കറ്റ്/പ്രൊവിഷണൽ സർട്ടിഫിക്കറ്റുമായെത്തി ആയത് ഉടൻ തന്നെ കൈപ്പറ്റണം. കൂടുതൽ വിവരങ്ങൾക്ക് കളക്ട്രേറ്റിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ആർ.ഐ.സെന്ററുമായി ബന്ധപ്പെടുക.ഫോൺ:04772230124.